ഉത്തരം

(എ) 129 മെഗാവാട്ട് ശേഷിയുള്ള നീരാവികൊണ്ട് പ്രവർത്തിക്കുന്ന ഒരു ടർബൈന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(ബി) 113 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് വാതക ടർബൈനുകളുടെ പണി തീർന്ന് ഉൽപ്പാദനം ആരംഭിച്ചു. 129 മെഗാവാട്ട് ശേഷിയുള്ള മൂന്നാമത്തെ യൂണിറ്റായ നീരാവികൊണ്ട് പ്രവർത്തിക്കുന്ന ടർബൈന്റെ പണി തീർന്നുകൊണ്ടിരിക്കുന്നു.

(സി) യൂണിറ്റൊന്നിന് 2 രൂപ 75 പൈസ വച്ച് (താല്ക്കാലികം).

(ഡി) കേരളത്തിൽ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ശരാശരി വില്പന വില കായംകുളത്ത് നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവായതിനാൽ വൈദ്യുതി ബോർഡിന് സാമ്പത്തിക നഷ്ടം സംഭവിക്കുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്.എന്നാൽ കേരളത്തിലെ ഇന്നത്തെ വൈദ്യുതി ആവശ്യം നിറവേറ്റാൻ കായംകുളത്ത് നിന്നുള്ള വൈദ്യുതി അത്യന്താപേക്ഷിതമാണ്. ആയതിനാൽ കായംകുളം വൈദ്യുതി നിലയം പൂട്ടിയിടണം എന്നതിന് ഇപ്പോൾ പ്രസക്തിയില്ല.

കൊയിലാണ്ടി ഭാഗത്ത് പുതിയ വൈദ്യുതി കണക്ഷനുകൾ

105(1008) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി സൗത്ത്, നോർത്ത്, മേലടി മേജർ സെക്ഷനുകൾക്ക് കീഴിൽ 1996 മേയ് മുതൽ 2000 ജനുവരി വരെ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ ഈ സെക്ഷനുകളുടെ പരിധിയിൽ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കൊയിലാണ്ടി സൗത്തിൽ 2227-ഉം, കൊയിലാണ്ടി നോർത്തിൽ 3720-ഉം മേലടിയിൽ 3186-ഉം പുതിയ വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.

(ബി) പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

കൊയിലാണ്ടി സൗത്ത്	-	3 എണ്ണം
കൊയിലാണ്ടി നോർത്ത്	-	16 എണ്ണം
മേലടി	-	16 എണ്ണം
	ആകെ -	35 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly